# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 472 — 19.03.2013 ൽ മറുപടിക്ക്

### ട്രാഫിക് ബോധവൽക്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. എസ്. സുനിൽകുമാർ:<br>ശ്രീ. വി. ശശി:<br>ശ്രീമതി ഗീതാ ഗോപി:<br>ശ്രീ. ചിറ്റയം ഗോപകുമാർ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | കേരള റോഡ് സേഫ്റ്റി അതോറിറ്റി ട്രാഫിക് ബോധവൽക്കരണത്തിനായി എന്തെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം; | (എ) | ട്രാഫിക് ബോധവൽക്കരണവുമായി ബന്ധപ്പെട്ട് കേരള റോഡ് സുരക്ഷാ അതോറിറ്റി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:<br>1. റോഡ് സുരക്ഷയെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിലേക്കായി ടെലിവിഷൻ വഴി ഫിലിമുകൾ സംപ്രേഷണം ചെയ്യുകയും എഫ്.എം റേഡിയോ മുഖേന ബോധവൽക്കരണ പരിപാടികൾ നടത്തി വരുകയും ചെയ്യുന്നു.<br>2. ദൃശ്യ - ശ്രാവ്യ, അച്ചടി മാധ്യമങ്ങൾ തുടങ്ങി സാധ്യമായ മുഴുവൻ മാധ്യമങ്ങളും ഉപയോഗിച്ചും റോഡ് സുരക്ഷയെപ്പറ്റി പൊതുജനങ്ങളെ ബോധവൽക്കരണം നടത്തി അച്ചടക്കമുള്ള ഒരു ട്രാഫിക് സംസ്കാരം രൂപപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>3. ടിപ്പർ ലോറി/ ചരക്കു വാഹനം എന്നിവയുടെ ഡ്രൈവർമാർക്ക് നാറ്റ്പാക്ക് വഴി റോഡു സുരക്ഷ പരിശീലനം നല്കി വരുന്നു. |

4. റോഡ് സുരക്ഷാ വാരം 2012-13 - നോട് അനുബന്ധിച്ച് കേരളത്തിലെ എല്ലാ ഇലക്ട്രോണിക്സ് - അച്ചടി മാധ്യമങ്ങൾ വഴി റോഡ് സുരക്ഷ സന്ദേശങ്ങൾ ജനങ്ങളിലെത്തിക്കാൻ അതോറിറ്റി നടപടി സ്വീകരിച്ചിട്ടുണ്ട്. റോഡ് സുരക്ഷ ബോധവൽക്കരണം വ്യാപകമാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ സാധ്യമാകുന്ന എല്ലാ സിനിമാ തിയേറ്ററുകളിലൂടെയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഹ്രസ്വ ചിത്രങ്ങൾ സംപ്രേഷണം ചെയ്യുവാനും അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്.

5. രാത്രികാല എയർപോർട്ട് യാത്രാ അപകടങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി, രാത്രികാല സവാരി നടത്തുന്ന ഡ്രൈവർമാരെയും, യാത്രക്കാരെയും ബോധവൽക്കരിക്കുന്നതിനായി അതോറിറ്റിയുടെ നേതൃത്വത്തിൽ അച്ചടിച്ച "safe night driving" എന്ന ലീഫ് ലെറ്റുകൾ കേരളത്തിലെ മൂന്ന് അന്താരാഷ്ട്രാ വിമാനത്താവളങ്ങളുടെ പരിധിയിൽ വരുന്ന റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ രാത്രികാലങ്ങളിൽ വിതരണം ചെയ്തു വരുന്നു.

6. വാഹന ഡ്രൈവർമാരെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി അതോറിറ്റിയുടെ നേതൃത്വത്തിൽ അച്ചടിച്ച 'റോഡ് റെഗുലേഷൻസ്' എന്ന ലീഫ് ലെറ്റുകൾ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ മുഖേന എല്ലാ ജില്ലകളിലും വിതരണം ചെയ്തു വരുന്നു.

7. നാറ്റ്പാക് തയ്യാറാക്കിയ "***സ്കൂളിലേയ്ക്കുള്ള സുരക്ഷിത പാത***" എന്ന പുസ്തകത്തിന്റെയും അധ്യാപക പഠന സഹായി എന്ന പുസ്തകത്തിന്റെയും ഇംഗ്ലീഷ്, മലയാളം വാല്യങ്ങളുടെ കോപ്പികൾ അച്ചടിച്ച് സ്കൂൾ വിദ്യാർത്ഥികളെ

| | | | |
|---|---|---|---|
| | | | ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത പുസ്തകങ്ങൾ ആർ.ടി.ഒ മാർ മുഖേന കേരളത്തിലെ സ്കൂളുകളിൽ വിതരണം ചെയ്തു വരുന്നു.<br>8. സ്കൂൾ വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷ ബോധവൽക്കരണം നൽകുന്നതിന്റെ ഭാഗമായി നാറ്റ്പാക് തയ്യാറാക്കിയ അഞ്ച് റോഡ് സുരക്ഷ ഹ്രസ്വ ചിത്രങ്ങൾ കേരളത്തിലെ സ്കൂളുകളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br>9. ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാ റോഡ് കൗൺസിലുകൾ വഴി ജില്ലാ തലത്തിൽ വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിനായി ഫണ്ട് അനുവദിച്ച് നൽകുകയും ചെയ്യുന്നുണ്ട്. |
| (ബി) | ഇത്തരം ബോധവൽക്കരണ പദ്ധതികൾക്കായി കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ ചെലവഴിച്ച തുക എത്ര; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ; ഓരോ ജില്ലയിലും ഏതു ഏജൻസി വഴിയാണ് തുക ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | ട്രാഫിക് ബോധവൽക്കരണ പരിപാടികൾക്കായി കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷത്തിൽ ആകെ 18,48,90,725/- രൂപ വിവിധ വകുപ്പുകൾ, ഏജൻസികൾ, മാധ്യമങ്ങൾ, എന്നിവർക്ക് അനുവദിച്ചിട്ടുണ്ട്. ഓരോ ജില്ലയിലും ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ വഴിയാണ് റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾക്ക് തുക ചെലവഴിക്കുന്നത്. മേൽകാലയളവുകളിൽ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് ആകെ 1,65,00,000/- രൂപ വിവിധ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. |

അനുവദിച്ച തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ | | |
|---|---|---|
| 1 | തിരുവനന്തപുരം | 15,00,000 |
| 2 | കൊല്ലം | 15,00,000 |
| 3 | പത്തനംതിട്ട | 10,00,000 |
| 4 | ആലപ്പുഴ | 10,00,000 |
| 5 | കോട്ടയം | 10,00,000 |
| 6 | ഇടുക്കി | 10,00,000 |
| 7 | എറണാകുളം | 15,00,000 |
| 8 | തൃശ്ശൂർ | 15,00,000 |
| 9 | പാലക്കാട് | 10,00,000 |
| 10 | മലപ്പുറം | 10,00,000 |
| 11 | കോഴിക്കോട് | 15,00,000 |
| 12 | വയനാട് | 10,00,000 |
| 13 | കണ്ണൂർ | 10,00,000 |
| 14 | കാസർഗോഡ് | 10,00,000 |
| ആകെ | | 1,65,00,000/- |

സെക്ഷൻ ഓഫീസർ